**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** **26-07-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തലത്തിൽ നേരിട്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലായ വിദ്യാഭ്യാസ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | കോവിഡ് 19 പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ 2020 ജൂൺ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാതിരുന്നതിനാൽ പരമാവധി സാധ്യായ ദിനങ്ങൾ ലഭ്യമാകുന്ന വിധത്തിൽ അവധിദിനങ്ങൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ സംവിധാനം വഴി പുനഃക്രമീ കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൈറ്റ് വിക്ടേഴ്സ് മുഖേന ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ആരംഭിച്ചത്. കോവിഡ് 19 മഹാമാരിയുടെ പ്രതിസന്ധി എന്ന് അവസാനിക്കുമെന്നും സ്കൂളുകൾ എപ്പോൾ തുറന്നു പ്രവർത്തിക്കാൻ കഴിയുമെന്നും മുൻകൂട്ടി കാണുന്നതിന് ആർക്കും കഴിയുമായിരുന്നില്ല. എന്നാൽ ഈ വർഷവും മഹാമാരി തുടരുന്ന സാഹചര്യമുള്ളതിനാൽ ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം കുട്ടികൾക്ക് നേരിട്ട് അവരുടെ അധ്യാപകരുമായി സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനവും ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്.പ്രീ-പ്രൈമറി ക്ലാസ്സുകൾക്കാ വശ്യമായതും ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടിയും പ്രത്യേകം ക്ലാസ്സുകൾ തയ്യാറാക്കി കുട്ടികൾക്ക് ലഭ്യമാക്കും. കുട്ടികളുടെ പഠന സമയത്തുള്ള പ്രയാസങ്ങൾ മനസ്സിലാക്കു ന്നതിനായി വർക്ക്ഷീറ്റുകൾ തയ്യാറാക്കി നല്കുന്നു. അവർക്ക് പഠനത്തിൽ ആവശ്യമായ സഹായം ഉറപ്പുവരുത്തുന്നതിന് ജില്ലാ തലത്തിലും സബ് ജില്ലാതലത്തിലും സ്കൂൾതലത്തിലും സംവിധാനമൊരുക്കിയിട്ടുണ്ട്. ഇതിനാവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (ബി) | കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെയല്ലാതെ സ്കൂൾ തലത്തിൽ നേരിട്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ | (ബി) | ഈ വർഷവും മഹാമാരി തുടരുന്ന സാഹചര്യമുള്ളതിനാൽ ഡിജിറ്റൽ |

| | | | |
|---|---|---|---|
| | സംഘടിപ്പിക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകുമോ; | | ക്ലാസുകൾക്കൊപ്പം കുട്ടികൾക്ക് നേരിട്ട് അവരുടെ അധ്യാപകരുമായി സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനവും ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും അതിനായി ജി-സ്യൂട്ട് പ്ലാറ്റ്ഫോം കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. ഘട്ടംഘട്ടമായി ഓൺ ലൈൻ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള ട്രയൽ, പൈലറ്റ് ക്ലാസുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസുകൾക്കായി വ്യത്യസ്ത ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിന് അദ്ധ്യാപകർക്ക് മാർഗ്ഗനിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ; | (സി) | കൈറ്റ് വിക്ടേഴ്സ്, വെബ് പോർട്ടൽ, യൂട്യൂബ് ചാനലുകൾ എന്നിവയിലൂടെ ലഭ്യമാകുന്ന ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം ഓൺലൈൻ ക്ലാസുകളും ഈ വർഷം ക്രമീകരിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസുകൾ അതത് അധ്യാപകർ തന്നെ നേരിട്ട് കുട്ടികളുമായി സംവദിക്കുന്ന രീതിയിൽ ആയതിനാൽ മീഡിയം ബാധകമല്ല. എന്നാൽ ഡിജിറ്റൽ ക്ലാസുകൾ മലയാളം, തമിഴ്, കന്നട മീഡിയങ്ങളിൽ നിലവിൽ ലഭ്യമാക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം കുട്ടികൾക്ക് കൂടി പ്രയോജനപ്പെടുന്ന വിധത്തിലായിരുന്നു കഴിഞ്ഞ വർഷം മലയാളം മീഡിയം ക്ലാസുകൾ സംപ്രേഷണം ചെയ്തിരുന്നത്. ഈ വർഷം ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ പ്രത്യേകമായി സംപ്രേഷണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | വിദ്യാർത്ഥികളുടെ മാനസികമായ പ്രശ്നങ്ങളിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഓൺലൈൻ വിദ്യാഭ്യാസം മുഖേന സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | വിദ്യാലയ വിദ്യാഭ്യാസത്തിന്റെ അഭാവം വിദ്യാർഥികളിൽ പലതരത്തിലുള്ള പ്രയാസങ്ങൾക്ക് കാരണമാകുന്നുണ്ട്. എന്നാൽ അത്തരം പ്രയാസങ്ങളും മാനസിക സംഘർഷവും പരമാവധി ഇല്ലാതാക്കുന്നതിന് പ്രത്യേക പരിപാടികളും വിക്ടേഴ്സിലൂടെ കഴിഞ്ഞ വർഷം സംപ്രേഷണം ചെയ്തിരുന്നു. ബന്ധപ്പെട്ട മേഖലയിലെ ഡോക്ടർമാർ ഉൾപ്പെടെ വിദഗ്ധരെ ഉൾപ്പെടുത്തി 'മാനസികാരോഗ്യം' , 'അതിജീവനം' എന്നീ പ്രത്യേക പരിപാടികളും ഈ വർഷം സംപ്രേഷണം ചെയ്തിട്ടുണ്ട്. തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസെടുക്കുന്ന അധ്യാപകരോട് കുട്ടികളുമായി നേരിട്ട് ബന്ധപ്പെടാനും ആവശ്യമായ മാനസികവും പഠനപരവുമായ പിന്തുണ നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് സഹായകമായി കുട്ടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്താനും നിരന്തരം നിരീക്ഷിക്കാനും 'സഹിതം' എന്ന ഡിജിറ്റൽ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്കൂൾ കൗൺസിലേഴ്സിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ